(സി) സംസ്ഥാനത്തെ തുറമുഖങ്ങളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ കേന്ദ്രത്തിന് മുമ്പാകെ സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) :

(എ)-(സി) തുറമുഖ വികസന പദ്ധതിയുടെ ഭാഗമായി കേന്ദ്രസർക്കാർ സ്ഥാപനമായ 'റൈറ്റ്സ്' 2020-ാമാണ്ട് വരെയുള്ള തുറമുഖ സൗകര്യ ആവശ്യകതകളെപ്പറ്റി ഒരു പഠനം നടത്തിയിരുന്നു. പ്രസ്തുത പഠനത്തിൽ വിഴിഞ്ഞം, കായംകുളം, ബേപ്പൂർ എന്നീ തുറമുഖങ്ങൾ വികസന സാദ്ധ്യതയുള്ളതാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതേപ്പറ്റി കൂടുതൽ പഠനം ആവശ്യമാണ്.

12 (*405) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ കമ്പ്യൂട്ടർവൽക്കരിക്കാൻ നടപടി

ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും കമ്പ്യൂട്ടർവൽക്കരിക്കാൻ പദ്ധതിയുണ്ടോ;

(ബി) എങ്കിൽ ഇത് അനുസരിച്ച് ഏതെല്ലാം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ കമ്പ്യൂട്ടർവൽക്കരണം നടത്തിയിട്ടുണ്ട്;

(സി) ബാക്കിയുള്ളവ കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) :

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയായിവരുന്നു.

(സി) സംസ്ഥാനത്തെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്റെ ആദ്യഭാഗമായി തിരുവനന്തപുരം ജില്ലയിലെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

13 (*406) ക്ഷീരകർഷകർ നേരിടുന്ന പ്രതിസന്ധി

ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീ. സി.പി. ബാലൻ വൈദ്യർ :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പാൽ ഉൽപ്പാദനം ദേശീയ ശരാശരിയേക്കാൾ ഉയർന്നതായിട്ടും ക്ഷീരകർഷകർ പ്രതിസന്ധിയിലാണെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ക്ഷീരകർഷകർ നേരിടുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ ക്ഷീരകർഷകർക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിനെ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ ഈ വിഷയം സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത പഠനത്തിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ഇ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ടൺ പാലാണ് ഉൽപ്പാദിപ്പിക്കുന്നതെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര;

(എഫ്) സംസ്ഥാനത്തെ പാൽ ഉൽപ്പാദനം ഇനിയും വർദ്ധിപ്പിക്കേണ്ടതുണ്ടോ; എങ്കിൽ ഇതിനായി എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ജി) സംസ്ഥാനത്തെ മുഴുവൻ ക്ഷീരകർഷകരെയും സഹായിക്കുന്നതിന്റെ ഭാഗമായി മുഴുവൻ കന്നുകാലികളേയും ഇൻഷ്വർ ചെയ്യുന്ന പദ്ധതി എന്നു നടപ്പാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ;

(എച്ച്) ഇതു സംബന്ധിച്ച് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) 1998-99-ൽ 26.75 ലക്ഷം മെട്രിക് ടൺ പാലാണ് സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കപ്പെട്ടത്.

(എഫ്) ഉണ്ട്. പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1) കന്നുകാലികളുടെ വർഗ്ഗ ഗുണം മെച്ചപ്പെടുത്തുന്നതിനും കറവമാടുകളിൽ സങ്കരവർഗ്ഗ കാലികളുടെ അനുപാതം വർദ്ധിപ്പിക്കുന്നതിനും ഉള്ള നടപടികൾ.

(എ) ഗാഢ ശീതീകരണ ബീജം ഉപയോഗിച്ചുള്ള കൃത്രിമ ബീജസങ്കലനം

(ബി) പ്രീമിയം ബുൾസെമൻ ഉപയോഗിച്ച് മികച്ചയിനം കന്നുകാലികൾക്ക് കൃത്രിമ ബീജസങ്കലനം

LIBRARY ARCHIVES Kerala Legislative Assembly

(സി) കൃത്രിമ ഭ്രൂണദാന പദ്ധതി

(ഡി) കന്നുകാലി പ്രജനനനയം ആവിഷ്കരിച്ച് നടപ്പിലാക്കൽ

(ഇ) കൂടുതൽ ബീജദാന കേന്ദ്രങ്ങൾ സ്ഥാപിക്കൽ

2) കാലിത്തീറ്റയുടെയും പച്ചപ്പുല്ലിന്റെയും ലഭ്യതയും ഗുണനിലവാരവും വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ.

(എ) പുതിയ കാലിത്തീറ്റ ഫാക്ടറി പ്രവർത്തനം ആരംഭിച്ചു.

(ബി) തീറ്റയുടെ ഗുണനിലവാരം നിയന്ത്രിക്കുന്നതിന് നിയമ നിർമ്മാണവും തീറ്റ പരിശോധന ലബോറട്ടറിയും സ്ഥാപിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു.

(സി) പുൽവിത്തുകൾ സൗജന്യമായി വിതരണം നടത്തുന്നു.

3) കന്നുകാലികളുടെ ആരോഗ്യസംരക്ഷണത്തിനുള്ള നടപടികൾ;

(എ) മുഴുവൻ പഞ്ചായത്തുകളിലും മൃഗാശുപത്രികൾ സ്ഥാപിച്ചു.

(ബി) ജില്ലാതലത്തിൽ മുഴുവൻ ജില്ലകളിലും ജില്ലാ വെറ്ററിനറി കേന്ദ്രങ്ങൾ സ്ഥാപിച്ചു.

(സി) കാലിരോഗ വിമുക്ത മേഖലാ പദ്ധതി നടപ്പിലാക്കുന്നു.

(ഡി) കുളമ്പുരോഗ നിയന്ത്രണത്തിനായി 12 കോടി രൂപ ചെലവഴിക്കുന്ന ഒരു ബൃഹത്പദ്ധതിക്ക് രൂപം നൽകുന്നതിനുള്ള നടപടി കൈക്കൊണ്ടിട്ടുണ്ട്.

(ഇ) കന്നുകാലി പ്ലേഗ് നിർമ്മാർജ്ജന പദ്ധതി

(എഫ്) മൃഗാശുപത്രികളിലെ രോഗനിർണ്ണയ സൗകര്യങ്ങൾ മെച്ചപ്പെടുത്തി.

(ജി) പാലോട് വെറ്ററിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ശക്തിപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

4) പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി വ്യാപിപ്പിക്കൽ

5) വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ ശാസ്ത്രീയ കന്നുകാലി പരിപാലന പരിശീലനം നൽകൽ.

6) കാമധേനു ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

(ജി) സംസ്ഥാനത്തെ മുഴുവൻ സങ്കരവർഗ്ഗ കറവ പശുക്കളെയും അവയുടെ ഉടമകളെയും ഇൻഷ്വർ ചെയ്യുന്ന 'കാമധേനു ഇൻഷ്വറൻസ് പദ്ധതി' കഴിഞ്ഞ സാമ്പത്തിക വർഷം (98-99) മുതൽ കേരളത്തിൽ നടപ്പിലാക്കിവരുന്നു.

(എച്ച്) മൃഗസംരക്ഷണവകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പുമായി ചേർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ ഈ പദ്ധതി നടപ്പിലാക്കിവരുന്നു. മൃഗസംരക്ഷണവകുപ്പ് യുണൈറ്റഡ് ഇന്ത്യാ കമ്പനിയുമായി ഉണ്ടാക്കിയ 'മാസ്റ്റർ പോളിസി' ഉടമ്പടി പ്രകാരമാണ് ഇൻഷ്വറൻസ് ഏർപ്പാടാക്കിയിട്ടുള്ളത്. സർക്കാർ ഉത്തരവുകളുടെ ഇംഗ്ലീഷിലും മലയാളത്തിലും ഉള്ള കോപ്പികൾ ഫാം ഇൻഫർമേഷൻ ബ്യൂറോ വഴി അച്ചടിപ്പിച്ച് സംസ്ഥാനത്തെ മുഴുവൻ ഗ്രാമ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും മൃഗാശുപത്രികളിലും എത്തിച്ചു. പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥ

LIBRARY ARCHIVES Kerala Legislative Assembly

രായ വെറ്ററിനറി ഡോക്ടർമാർക്ക് വിവിധ കേന്ദ്രങ്ങളിൽ വച്ച് പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച് രണ്ട് ഘട്ടങ്ങളായുള്ള പരിശീലനം നൽകി. പദ്ധതിയെ സംബന്ധിച്ച ബഹുവർണ്ണ പോസ്റ്ററുകൾ മൃഗാശുപത്രികളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പരസ്യപ്പെടുത്തി. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ജനകീയാസൂത്രണ പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്തെ 479 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈ പദ്ധതി നടത്തിപ്പിനുള്ള പ്രോജക്ട് തയ്യാറാക്കി പദ്ധതി വിഹിതം മാറ്റിവച്ചു. ഈ വർഷവും പദ്ധതി തുടർന്നു നടപ്പിലാക്കി വരികയാണ്.

14 (*407) ചെറുകിട തുറമുഖങ്ങളുടെ വികസനം

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങൾ വ്യവസായവുമായി ബന്ധപ്പെടുത്തി വികസിപ്പിക്കുന്നതിന് സ്വകാര്യ നിക്ഷേപകരെ ആകർഷിക്കാൻ എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം തുറമുഖങ്ങളെ സംബന്ധിച്ചാണ് ഇതിനകം ബി.ഒ.ടി ഒപ്പുവച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) കൊടുങ്ങല്ലൂർ, തങ്കശ്ശേരി, വിഴിഞ്ഞം തുടങ്ങിയ പോർട്ടുകളുടെ വികസനം സംബന്ധിച്ച ബി.ഒ.ടി. എന്നത്തേയ്ക്ക് ഒപ്പിടാൻ കഴിയും എന്ന് വ്യക്തമാക്കാമോ;

(ഡി) കായംകുളം ഒരു മൈനർ പോർട്ടായി എന്നാണ് പ്രഖ്യാപിച്ചത്;

(ഇ) കായംകുളം തുറമുഖം വികസിപ്പിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) :

(എ) സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങൾ വ്യവസായവുമായി ബന്ധപ്പെടുത്തി വികസിപ്പിക്കുന്നതിന് സ്വകാര്യ നിക്ഷേപകരെ ആകർഷിക്കുന്നതിന് ഒട്ടേറെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രധാന ആകർഷണങ്ങൾ

1. ദീർഘകാല അടിസ്ഥാനത്തിൽ തുറമുഖ സ്ഥാപനത്തിനും വ്യവസായ സ്ഥാപനത്തിനും ആവശ്യമായ തുറമുഖ ഭൂമി പാട്ടത്തിനു നൽകുക

2. നിക്ഷേപത്തിന്റെ തോതനുസരിച്ച് പ്രത്യേകിച്ചും നിക്ഷേപവും, നിശ്ചിത റിട്ടേണും (ഐ.ആർ.ആർ.) കിട്ടത്തക്ക വിധം ബി.ഒ.ടി. കാലാവധി നിശ്ചയിക്കുന്നതിനുള്ള അവസരം.

(ബി) ബേപ്പൂർ തുറമുഖത്തിന്റെ വികസനത്തിനുവേണ്ടിയുള്ള ബി.ഒ.ടി. എഗ്രിമെന്റ് മാത്രമേ ഒപ്പുവച്ചിട്ടുള്ളൂ. ഈ എഗ്രിമെന്റ് 4.3.98-ൽ ഒപ്പുവച്ചു.

(സി) കൊടുങ്ങല്ലൂർ, തങ്കശ്ശേരി, വിഴിഞ്ഞം തുടങ്ങിയ തുറമുഖങ്ങളുടെ വികസനത്തിനുവേണ്ടിയുള്ള ബി.ഒ.ടി. എഗ്രിമെന്റിന്റെ കരടുരൂപം കിട്ടിയിട്ടുണ്ട്. അവ ഗവൺമെന്റ് പരിശോധിച്ചുവരുന്നു.

(ഡി) 28.12.98-ൽ.

LIBRARY ARCHIVES Kerala Legislative Assembly